(എ) സംസ്ഥാനത്ത് പുതുതായുണ്ടായ തൊഴിലവസരങ്ങളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ ; ഏതെല്ലാം മേഖലകളിലായി എത്ര തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് ; തൊഴിലവസരങ്ങൾ നഷ്ടപ്പെട്ട മേഖലകൾ ഏതൊക്കെയാണ് ;

(ബി) പൊതുമേഖലയിൽ സർക്കാർ നടപടികളുടെ ഭാഗമായി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ എത്രയാണ് ; എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലായി 22-1-2014 വരെ 22058 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിലും അസംഘടിത തൊഴിൽ മേഖലയിലും സേവന മേഖലയിലും സർക്കാരിതര മേഖലയിലും ഈ സർക്കാരിന്റെ കാലത്ത് ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വ്യാപകമായ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ട മേഖലകളൊന്നും ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടില്ല.

(ബി) സർക്കാരിന്റെ നയപരവും ഭരണപരവുമായ നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സർക്കാർ പൊതുമേഖലയിൽ സൃഷ്ടിച്ചിട്ടുണ്ട്.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 37,93,814 അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ചാത്തന്നൂരിൽ സംസ്ഥാനതല കൺസൂക്ഷൻ അക്കാദമി

274 (2829) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ സംസ്ഥാനതല കൺസൂക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിലേക്ക് നാല് വർഷം മുമ്പ് പ്രാരംഭ നടപടികൾ ആരംഭിച്ചുവെങ്കിലും നാളിതുവരെ പ്രസ്തുത സ്ഥാപനം യാഥാർത്ഥ്യമാക്കുവാൻ യാതൊരു തുടർനടപടികളും ആരംഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുവാനുള്ള നടപടിയിൽ നിന്നും പൂർണ്ണമായും പിൻമാറിയോ ; ഇല്ലെങ്കിൽ വിലയ്ക്ക് വാങ്ങിയ 10 ഏക്കർ ഭൂമിയിൽ എന്ന് സ്ഥാപനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി സ്ഥലത്ത് അന്താരാഷ്ട്ര നിലവാരമുള്ള തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുവോ ; ഈ സ്ഥാപനം ആരംഭിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അനുയോജ്യമായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

ആറളം ഫാം ഏറ്റെടുത്ത നടപടി

275 (T2830) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം ഫാം ഏറ്റെടുത്തതിനെത്തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്ക് പുനരധിവാസത്തിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കുമോ ; പുനരധിവാസ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആറളം ഫാം സർക്കാർ ഏറ്റെടുക്കുന്ന അവസരത്തിൽ അവിടെ താമസിക്കുന്ന 32 കുടുംബങ്ങളെ ഫാമിന് വെളിയിൽ പുനരധിവസിപ്പിക്കാൻ ആറളം ഗ്രാമ പഞ്ചായത്ത് 2 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 3 ½ ഏക്കർ

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly